മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

25.12.2023

തങ്ക അങ്കി ഘോഷയാത്ര ഇന്ന് (ഡിസംബർ 26) സന്നിധാനത്ത്;

മണ്ഡലപൂജ നാളെ (ഡിസംബർ 27)

മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്കഅങ്കിയും വഹിച്ചു കൊണ്ടുള്ള ഘോഷയാത്ര ഇന്നു(ഡിസംബർ 26) വൈകിട്ട് സന്നിധാനത്ത് എത്തും. തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ നാളെ(ഡിസംബർ 27) 10.30നും 11.30നും ഇടയിൽ ടക്കും.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ചിത്തിരതിരുനാൾ ബാലരാമവർമയാണ് മണ്ഡലപൂജയ്ക്ക് ശബരിമല അയ്യപ്പന് ചാർത്താൻ 451 പവൻ തൂക്കമുള്ള തങ്ക അങ്കി സമർപ്പിച്ചത്. ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽനിന്ന് ഡിസംബർ 23നു രാവിലെ പുറപ്പെട്ട തങ്ക അങ്കിയും വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര ഇന്ന് ഉച്ചയ്ക്ക് 1.30ന് പമ്പയിലെത്തും. അവിടെ വിശ്രമിച്ച ശേഷം സന്നിധാനത്തേക്ക് തിരിക്കുന്ന ഘോഷയാത്ര വൈകുന്നേരം 5.15ന് ശരംകുത്തിയിൽ എത്തിച്ചേരും. ശരംകുത്തിയിൽ ദേവസ്വം ബോർഡ് നൽകുന്ന ഔദ്യോഗിക സ്വീകരണത്തിനു ശേഷം 6.15 ന് തങ്ക അങ്കി പേടകം ശബരിമല അയ്യപ്പ സന്നിധിയിൽ എത്തിക്കും. കൊടിമര ചുവട്ടിലും തങ്ക അങ്കിയ്ക്ക് വരവേൽപ്പ് നൽകും. 6.30ന് തങ്ക അങ്കി ചാർത്തിയുള്ള മഹാദീപാരാധന നടക്കും. 27നാണ് തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ. 10.30നും 11.30നും മധ്യേയാണ് മണ്ഡലപൂജ നടക്കുക. 27ന് രാത്രി അടക്കുന്ന ക്ഷേത്ര നട ഡിസംബർ 30 ന് വൈകുന്നേരം അഞ്ചു മണിക്ക് മകരവിളക്ക് ഉത്സവത്തിനായി തുറക്കും.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

25.12.2023

## മണ്ഡലപൂജ രാവിലെ 10.30നും11.30നും ഇടയിൽ; നെയ്യഭിഷേകം 9.45 വരെ

മണ്ഡലപൂജയോടനുബന്ധിച്ചു ഇന്നു (ഡിസംബർ 26) ഉച്ചപൂജയ്ക്കു ശേഷം നട അച്ചാൽ വൈകിട്ട് അഞ്ചുമണിക്കേ തുറക്കൂ. സാധാരണദിവസങ്ങളിൽ ഉച്ചകഴിഞ്ഞു മൂന്നുമണിക്കാണ് നട തുറക്കുന്നത്. വൈകിട്ട് 5.15നാണ് തങ്ക അങ്കിക്ക് ശരംകുത്തിയിൽ ദേവസ്വം ബോർഡിന്റെ സ്വീകരണം. തുടർന്ന് തങ്കഅങ്കി ചാർത്തി ദീപാരാധന നടക്കും. വൈകിട്ട് 11.00 മണിക്കു നട അടയ്ക്കും.

ഡിസംബർ 27ന് രാവിലെ 10.30നും 11.30നും ഇടയിലുള്ള മുഹൂർത്തത്തിലായിരിക്കും മണ്ഡലപൂജ. അതിനാൽ അന്നേദിവസം രാവിലെ 9.45 വരെ മാത്രമാകും നെയ്യഭിഷേകം. സാധാരണദിവസങ്ങളിൽ 11.30 വരെയാണ് രാവിലെ നെയ്യഭിഷേകത്തിന് ഭക്തർക്കു സൗകര്യമൊരുക്കുന്നത്.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

25.12.2023

## ഇന്നു (ഡിസംബർ 26) നിലയ്ക്കലിൽ ഗതാഗത ക്രമീകരണം

തങ്ക അങ്കി ഘോഷയാത്രയുമായി ബന്ധപ്പെട്ടു ശബരിമലയിൽ ഇന്നു(ഡിസംബർ 26)

പൂജാ സമയക്രമത്തിൽ മാറ്റമുള്ളതിനാൽ നിലയ്ക്കൽനിന്നു പമ്പയിലേക്കു ഭക്തരുടെ സഞ്ചാരത്തിന് ക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നു. ഇന്ന് ഉച്ചപൂജയ്ക്കുശേഷം വൈകിട്ട് അഞ്ചു മണിക്കേ നട തുറക്കൂ. ഈ സാഹചര്യത്തിൽ പമ്പയിലും സന്നിധാനത്തും തിരക്ക് നിയന്ത്രിക്കുന്നതിനായി ഇന്നു(ഡിസം. 26) രാവിലെ 11 മണി വരെ നിലയ്ക്കൽ എത്തുന്ന അയ്യപ്പഭക്തരുടെ വാഹനങ്ങൾക്കേ പമ്പയിലേക്ക്

പ്രവേശനം സാധ്യമാകു. 11 മണി കഴിഞ്ഞ് എത്തുന്ന തീർഥാടകർക്കു മൂന്നുമണിക്കൂർ എങ്കിലും നിലയ്ക്കൽ തന്നെ തുടരേണ്ടി വരുമെന്നാണ് പോലീസ് അറിയിച്ചിരിക്കുന്നതെന്നു തിരുവിതാംകൂർ ദേവസ്വം ബോർഡ് അധികൃതർ വ്യക്തമാക്കി.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

25.12.2023

മണ്ഡല മഹോത്സവത്തിന് നാളെ സമാപനം

അസാധാരണമായ തീർഥാടനപ്രവാഹത്തിനു സാക്ഷ്യംവഹിച്ച നാൽപത്തിയൊന്നുദിവസം നീണ്ടുനിന്ന ശബരിമല മണ്ഡലകാലതീർഥാടനത്തിനു നാളെ(ഡിസംബർ 27) സമാപനം. മണ്ഡലപൂജ ദിവസമായ നാളെ(ഡിസംബർ 27) രാത്രി ഹരിവരാസനം പാടി നട അടക്കും. മകരവിളക്ക് ഉത്സവത്തിനായി ഡിസംബർ 30 വൈകിട്ട് അഞ്ചുമണിക്ക് വീണ്ടും നട തുറക്കും. ജനുവരി 15നാണ് മകരവിളക്ക്.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

25.12.2023

സന്നിധാനത്ത് ഇനി സൗജന്യ വൈഫൈ ആദ്യ അരമണിക്കൂർ സൗജന്യം ഡിസംബർ 30 മുതൽ മരക്കൂട്ടം മുതൽ  സന്നിധാനം വരെയുള്ള 27 കേന്ദ്രങ്ങളിൽ

ശബരിമല സന്നിധാനത്തു സൗജന്യമായി വൈ ഫൈ സേവനം ലഭ്യമാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡ്. പൊതുമേഖലാ ടെലികോം കമ്പനിയായ ബി.എസ്.എൻ.എല്ലുമായി സഹകരിച്ചുള്ള പദ്ധതിക്ക് നടപ്പന്തലിൽ നടന്ന ചടങ്ങിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് തുടക്കം കുറിച്ചു. ശബരിമലയിലെത്തുന്ന ഭക്തർ നേരിടുന്ന മൊബൈൽ, ഇന്റർനെറ്റ് കണക്ടിവിറ്റി അടക്കമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നതാണ് ദേവസ്വം ബോർഡിന്റെ പദ്ധതി. നിലവിൽ നടപ്പന്തലിലെ രണ്ടു കേന്ദ്രങ്ങളിലാണ് 100 എം.ബി.പി.എസ്. വേഗത്തിൽ വൈഫൈ ലഭ്യമാക്കിയിട്ടുള്ളത്. ഡിസംബർ 30 മുതൽ മരക്കൂട്ടം മുതൽ സന്നിധാനം വരെയുള്ള 27 കേന്ദ്രങ്ങളിൽ സൗജന്യവൈഫൈ ലഭിക്കും.

ഒരു മൊബൈൽ നമ്പറിൽ നിന്ന് ആദ്യത്തെ അരമണിക്കൂർ വൈഫൈ സൗജന്യമായിരിക്കും. തുടർന്ന് ഒരു ജിബിക്ക് 9 രൂപ വച്ചു നൽകണം. 99 രൂപയുടെ ബി.എസ്.എൻ.എൽ. റീച്ചാർജ് നടത്തിയാൽ ദിവസം 2.5 ജിബി വച്ചുപയോഗിക്കാവുന്ന പ്ലാനും പ്രയോജനപ്പെടുത്താം.

ബി.എസ്.എൻ.എൽ വൈഫൈ അല്ലെങ്കിൽ ബി.എസ്.എൻ.എൽ. പിഎം വാണി എന്ന വൈഫൈ യൂസർ ഐഡിയിൽ കയറി കണക്ട് എന്നു ക്ലിക്ക് ചെയ്യുമ്പോൾ ഒരു വെബ്പേജ് തുറന്നുവരും. അതിൽ 10 അക്ക മൊബൈൽ നമ്പർ നൽകുമ്പോൾ ആറക്ക പിൻ എസ്.എം.എസായി ലഭിക്കും. അതുപയോഗിച്ചു വൈ ഫൈ കണക്ട് ആക്കാം.

നടപ്പന്തലിലെ രണ്ടു കേന്ദ്രങ്ങൾ കൂടാതെ പാണ്ടിത്താവളത്തെ ബി.എസ്.എൻ.എൽ. എക്സ്ചേഞ്ച് (2), ജ്യോതിനഗറിലെ ബി.എസ്.എൻ.എൽ. സെന്റർ(4), മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള ആറു ക്യൂ കോംപ്ലക്സുകൾ എന്നിവിടങ്ങളിലായി 14 ഇടത്ത് വൈഫൈ സൗകര്യം ഇതിനോടകം ഒരുക്കിയിട്ടുണ്ട്. ബാക്കി 13 കേന്ദ്രങ്ങളിൽ കൂടി സൗകര്യം ഡിസംബർ 30ന് മുമ്പ് പൂർത്തിയാക്കി മകരവിളക്കുത്സവത്തിനായി നട തുറക്കുമ്പോൾ സേവനം ലഭ്യമാക്കും.

അക്കോമഡേഷൻ ഓഫീസ് പരിസരം ,നടപ്പന്തലിലെ സ്റ്റേജിനു ഇടതു വലതു വശങ്ങൾ ,നടപ്പന്തലിലെ മധ്യഭാഗത്ത് ഇടത് -വലത് ഭാഗങ്ങൾ ,നടപ്പന്തലിലേക്ക് പ്രവേശിക്കുന്നിടത്ത് ഇടതും വലതും ഭാഗങ്ങൾ ,അപ്പം - അരവണ കൗണ്ടർ , നെയ്യഭിഷേക കൗണ്ടർ , അന്നദാനമണ്ഡപം ,

മാളികപ്പുറത്തെ രണ്ട് നടപ്പന്തലുകൾ എന്നിവിടങ്ങളിലാണ് ഈ കേന്ദ്രങ്ങൾ.

ഈ സീസണിൽ തന്നെ പമ്പയിലും നിലയ്ക്കലും കൂടി വൈഫൈ സൗകര്യമൊരുക്കമെന്നും അടുത്ത സീസണിൽ പ്രധാനപ്പെട്ട ഇടത്താവളങ്ങളിലും വൈഫൈ ലഭ്യമാക്കുമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് പറഞ്ഞു.

നടപ്പന്തലിലെ സ്റ്റേജിനു സമീപത്തായി നടന്ന പരിപാടിയിൽ ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ, ബി.എസ്.എൻ.എൽ. പത്തനംതിട്ട ഡിവിഷണൽ എൻജിനീയർ ശശികുമാർ, ബി.എസ്.എൻ.എൽ. സന്നിധാനം ഓഫീസ് ഇൻ ചാർജ് എസ്. സുരേഷ്കുമാർ എന്നിവർ പങ്കെടുത്തു.

ശബരിമലയിലെ (26.12.2023)ചടങ്ങുകൾ

..............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് ഇരുപത്തിയഞ്ച് കലശപൂജ

തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് ക്ഷേത്രനട അടയ്ക്കും.

വൈകുന്നേരം 5 മണിക്ക് ക്ഷേത്രനട തുറക്കും

5.15 ന് തങ്കഅങ്കി സ്വീകരണ പുറപ്പാട്

5.30 ന് ശരംകുത്തിയിൽ തങ്കഅങ്കിയ്ക്ക് സ്വീകരണം നൽകി ആനയിയ്ക്കും.

6.30ന് തങ്കയങ്കി ചാർത്തിയുള്ള

മഹാ ദീപാരാധന

9.30 മണിക്ക് .....അത്താഴപൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.